

# വെണ്ണക്കല്ലിൽ ഒരു ഭക്തികാവ്യം

**അദ്ഭുതമൂറുന്ന മിഴികളുമായാണ് ഓരോ സഞ്ചാരിയും ഈ ശില്പവിസ്മയത്തിന് മുന്നിൽ നിൽക്കുന്നത് റണക്പൂർ ജൈനക്ഷേത്ര വിശേഷങ്ങളിലേക്ക്**

Text | Photos: **G Jyothilal**

രാജസ്ഥാനിലെ തടാകങ്ങളുടെ നാടായ ഉദയ്പൂരിലേക്ക് കാഴ്ചകൾ കാണാൻ ക്ഷണിച്ചത് ക്ലബ്ബ് മഹീന്ദ്ര ഹോളിഡേയ്സ് ആയിരുന്നു. അവരുടെ റിസോർട്ടുകളും സേവനപ്രവർത്തനങ്ങളും കാണിക്കുക എന്ന ലക്ഷ്യത്തിനപ്പുറം സ്ഥലങ്ങൾ കാണുക എന്നതായിരുന്നു ഉദ്ദേശം. ഉദയ്പൂരിൽ വിമാനമിറങ്ങുമ്പോൾ ഉച്ചയായിരുന്നു. ആതിഥേയരുടെ ഉദയ്പൂർ ഹോട്ടലിലായിരുന്നു ഭക്ഷണം. രാജസ്ഥാനിലെ തലപ്പാവ് ചാർത്തി കുങ്കുമവും തൊടുവിച്ചായിരുന്നു സ്വീകരണം. സ്വാഗതപാനീയവും കുളിർ ഒളിപ്പിച്ചുവെച്ച ടവ്വലും രാജസ്ഥാന്റെ കൊടുംചൂടിൽ ഹൃദ്യമായി .

നേരേ കുംഭാൽഗഢിലേക്ക്. ഗോതമ്പുപാടങ്ങളും വരണ്ട ചെറുപട്ടണങ്ങളും കടന്ന് അവിടെയെത്തുമ്പോഴേക്കും സൂര്യനസ്തമിച്ചിരുന്നു. കാറിൽ നിന്നിറങ്ങുമ്പോൾ സ്വീകരിക്കാനെത്തിയ റിസോർട്ട് മാനേജർ പർവീൺ ചോദിച്ചത് എങ്ങനെയുണ്ടായിരുന്നു റോളർ സ്കേറ്റിങ് എന്നായിരുന്നു. കയറിയിറങ്ങിയും ചാഞ്ഞും ചരിഞ്ഞും വന്ന കാർയാത്രയെ അതിനോടുതന്നെയേ ഉപമിക്കാൻപറ്റൂ. അവിടെയും കിട്ടി ആണുങ്ങൾക്ക് തലപ്പാവും പെണ്ണുങ്ങൾക്ക് ഷാളും ഒരു ഓടക്കുഴലും പീലിയും. അതിഥിദേവോ ഭവ എന്നാണല്ലോ. തത്കാലം ഞങ്ങളിപ്പോൾ ദോ ദിൻ കാ ദേവതകളാണ്. ഞാനൊഴികെ ബാക്കിയെല്ലാവരും മുംബൈയിൽനിന്നുള്ള പത്രപ്രവർത്തകരും ഫ്രീലാൻസ് എഴുത്തുകാരുമായിരുന്നു.

പിറ്റേദിവസമായിരുന്നു റണക്പൂരിലെ ജൈന ക്ഷേത്രത്തിലേക്കുള്ള യാത്ര. കുംഭാൽഘഢ് വന്യജീവിസങ്കേതത്തിലൂടെയാണ് പോവുന്നത്. ഇലയെല്ലാം പൊഴിഞ്ഞ് പുല്ലുകളെല്ലാം വൈക്കോൽപരുവത്തിൽ ഉണങ്ങിക്കിടക്കുന്ന കാട്. ചുരം കയറി കയറി പോവുന്ന കാർ. ഇടയ്ക്ക് കുരങ്ങുകളെ മാത്രമേ വന്യമൃ





**Udaipur, one of the great centers of Rajput chivalry and honor, is also known as a fairy tale city with exquisite romantic marble palaces and intricately carved temples of incomparable artistry**

ഗങ്ങളായി കണ്ടുള്ളൂ.


മുകളിലെത്തുമ്പോൾ വെണ്ണക്കല്ലിൽ തീർത്ത ആദിനാഥ ക്ഷേത്രം കൺമുന്നിൽ. ഷൂവും ലെതർ ഐറ്റങ്ങളും ലോക്കറിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച് ക്ഷേത്രവഴിയിലേക്ക് നടന്നു. കാൽ തറയിൽ വെച്ചാൽ ചുട്ടുപൊള്ളും. അതുകൊണ്ടാവും കാർപെറ്റ് വിരിച്ചിട്ടുണ്ട്. പടികൾ കയറി മുകളിലെത്തിയാൽ സെക്യൂരിറ്റി ചെക്കാണ്. കൂട്ടത്തിൽ അനിതാ സിങ് ഫ്രോക്കായിരുന്നു ധരിച്ചത്. ആ വേഷത്തിൽ അകത്തേക്ക് പ്രവേശനമില്ല. പരിഹാരം അവിടെത്തന്നെയുണ്ട്. ബോട്ടം വാടകയ്ക്ക് കിട്ടും. പുതയ്ക്കാൻ ഒരു ഷാളും. ഡ്രൈവർ ലാൽ സിങ് അത് വാങ്ങിക്കൊണ്ടുവന്നു. എല്ലാവരും അകത്തേക്ക്.

മാർബിളായതുകൊണ്ടാവാം. അകത്ത് നല്ല കുളിർമയുള്ള അന്തരീക്ഷം. മനോഹരമായ കൊത്തുപണികളോടുകൂടിയ തൂണുകളാണ് അകത്ത്. 1444 തൂണുകളാണ് ഈ ക്ഷേത്രത്തിന്. അത് ഓരോന്നും വ്യത്യസ്തമായ കൊത്തുപണികളോടു കൂടിയതാണ്. സേഥ് ദർണാസാ എന്ന ജൈനവ്യാപാരിയാണ് ക്ഷേത്രം പണിതത്. അദ്ദേഹത്തിന് ഇങ്ങനെയൊരു ക്ഷേത്രം പണിയണമെന്ന ദർശനം ഉണ്ടായെന്നും അത് മേവാർ രാജാവ് മഹാ റാണാകുംഭയുടെ അടുക്കൽ അഭ്യർഥിച്ചപ്പോൾ അദ്ദേഹം വേണ്ട സഹായമെല്ലാം നൽകിയെന്നും പറയുന്നു. റണക്പൂർ എന്നറിയപ്പെടുന്നത് അതുകൊണ്ടാണ്. 15-ാം നൂറ്റാണ്ടിൽ പണിത ക്ഷേത്രം ഇന്ന് ഇന്ത്യയിലുള്ള ഏറ്റവും പ്രമുഖമായ അഞ്ച് ജൈനക്ഷേത്രങ്ങളിലൊന്നായാണ് പരിഗണിക്കുന്നത്. ഇന്ത്യയിലെ സപ്താദ്ഭുതങ്ങളിലൊന്നായും പറയാറുണ്ട്.





കലയും ഭക്തിയും



ഒരു രാജസ്ഥാൻ കിണർ




മച്ചിന്റെ മായികഭംഗി

മാർബിൾശിലകളിലെ കൊത്തുപണികൾ അതിശയപ്പെടുത്തുന്നവയാണ്. നൃത്തമുദ്രകളും രതിശില്പങ്ങളും കുംഭഗോപുരങ്ങളും മട്ടുപ്പാവും പശ്ചാത്തലത്തിലെ ആരവല്ലി പർവതനിരകളിലെ കുംഭാൽഗഢ് വന്യജീവിസങ്കേതവും എല്ലാം ചേർന്ന് പ്രകൃതിയും മനുഷ്യപ്രതിഭയും ചേരുന്ന അപൂർവ മേളനമാണ് കാണാനാവുക. സൂര്യപ്രകാശവും കാറ്റും കാലാവസ്ഥയും ഐക്യപ്പെടുന്നൊരു നിർമിതിയുമാണിത്.


ചൗമുഖ്മന്ദിർ പാർശ്വനാഥക്ഷേത്രം, അംബാമാതാക്ഷേത്രം, സൂര്യക്ഷേത്രം എന്നിങ്ങനെ നാല് ക്ഷേത്രങ്ങളാണ് 48,000 ചതുരശ്രയടി വരുന്ന ഈ പുണ്യകേന്ദ്രത്തിലുള്ളത്. നാല് വഴികളാണ് ക്ഷേത്രത്തിലേക്ക്. ഈ നാലുവഴികളും ഗർഭഗൃഹത്തിലേക്ക് നയിക്കുന്നു. നാലുഭാഗത്തുനിന്നും ദർശനവും നേടാം.


അതിലെല്ലാമുപരി ശ്രദ്ധയാകർഷിക്കുന്നതായിരുന്നു ക്ഷേത്രത്തോളംതന്നെ പഴക്കമുണ്ടെന്ന് പറയുന്ന മരം. മരം പിളർന്നപോലെ സ്വയംഭൂവായൊരു ഗണേശരൂപവും. അവിടെ കൂടെ തൊഴുത് തിരിച്ചിറങ്ങുമ്പോൾ പുറത്തെ ചുട്ടുപൊള്ളുന്ന ചൂടിലും മനസ്സിലൊരു കുളിർമ



മരത്തിനുള്ളിലെ ഗണപതി രൂപം







ഓരോ തൂണിലും ഓരോ കവിത

YATHRA**TRAVEL**INFO

# Ranakpur Temple

The Ranakpur Temple is one of the most famous Jain temples in Rajasthan. It is dedicated to the first Jain Tirthankar (enlightened human) of our time cycle, Adinath (aka Lord Rishabha). It is a very big temple (ceiling around 7m high), contsructed of white marble. It is also renowned for the beauty of the sculptures.The exterior is also striking. It has approximately 1440 exquisitely carved white marble sculptures. Ranakpur Temple is open to tourists from noon to 5 PM. Mornings are reserved for prayers.


*Getting there:* **By Air:** Udaipur(90km). **By Rail:** Falna station(30km). **By Road:**A local bus to Udaipur stops right outside the Ranakpur Temple every hour and costs INR45. The journey back to Udaipur takes around 3 hours.

*Stay:* Club Mahindra Resort, www.clubmahindra.com
✆ 18602101111

*Sights Around:* Khumbalgarh Fort • Kumbhalgarh Wildlife Sanctuary. • Horseback Safari through the Aravalli Mountains.



ശിലയിലൊരു ചിത്രചാരുത



ക്ലബ് മഹീന്ദ്രയുടെ റിസോർട്ട്

ബാക്കിയുണ്ടായിരുന്നു. കാലങ്ങളോളം നിലനിൽക്കുന്ന കലയുടെ മാസ്മരികത.

ചുരമിറങ്ങി വരുംവഴി രാജസ്ഥാനിലെ ഒരു ഗ്രാമജീവിതം കാണാനും ഇറങ്ങി. ഗ്രാമത്തിലെ സ്കൂളിൽ അന്ന് അവധിയായിരുന്നെങ്കിലും ഞങ്ങളെ സ്വീകരിക്കാനായി പ്രധാനാധ്യാപകനും സ്കൂൾലീഡറും കുറച്ച് കുട്ടികളും ഹാജരായിട്ടുണ്ടായിരുന്നു. നല്ല സ്വീകരണം. സ്കൂൾ ലീഡർ അവന്റെ പാട്ടും പ്രസംഗവുമൊക്കെ ഞങ്ങളെ കേൾപ്പിച്ചു. തൊട്ടടുത്ത ഗ്രാമത്തിലെ കൃഷിയിടങ്ങളും കിണറും കിണറിൽനിന്ന് കാളകളെക്കൊണ്ട് വെള്ളം പമ്പ്ചെയ്യുന്ന രീതിയുമെല്ലാം കണ്ടു. ഈ ഗ്രാമത്തിൽ വിവിധ സേവനപ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബ് മഹീന്ദ്ര, സ്കൂളിന്റെ പുരോഗതിക്കും പലതും സംഭാവനചെയ്യുന്നുണ്ടെന്ന് മഹീന്ദ്രയുടെ പ്രതിനിധി പ്രസൂൺ ശർമ പറഞ്ഞു.

തിരിച്ച് റിസോർട്ടിൽ വന്ന് സ്വിമ്മിങ്പൂളിലൊരു വിശാലമായ കുളി. രാത്രി രാജസ്ഥാൻകലാകാരന്മാരുടെ നാടോടിനൃത്തവിരുന്നും. വീണ്ടും അങ്ങോട്ടൊന്ന് പോവണമെന്ന് തോന്നുന്നു. മഴ പെയ്ത് കാടുകൾ പച്ചപ്പണിയുന്നകാലത്ത് ഒന്നുകൂടി പോവണം. കുംഭാൽഗഢ് കോട്ടയിൽനിന്ന് പതിനാറുകിലോമീറ്റർ കാട്ടുവഴിയിൽ ട്രെക്കിങ് നടത്തി രണക്പുരിലേക്ക് പോവുന്നൊരു വഴിയുണ്ട്. അതും ഒന്നു പരീക്ഷിക്കണം.